"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദസഞ്ചാര വകുപ്പ്: കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.ടി. ഐ.എൽ.) - മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചവരുന്ന തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിലെ(CET) ആർക്കിടെക്ച്ചർ & പ്ലാനിംഗ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. മനോജ് കുമാർ കെ- യുടെ അന്യത്രസേവനം അവസാനിപ്പിച്ച് - വിടുതൽ ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര(ബി) വകുപ്പ്

സ.ഉ.(സാധാ) നം.136/2026/TSM തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1. 04.12.2021 ലെ സ.ഉ (സാധാ) നം. 374/2021/ടൂറിസം
2. 29.11.2022 ലെ സ.ഉ (സാധാ) നം. 438/2022//ടൂറിസം
3. 14.12.2023 ലെ സ.ഉ(സാധാ) നം 618/2023/ടൂറിസം
4. 25.11.2024 ലെ സ.ഉ(സാധാ) നം 678/2024/ടൂറിസം
5. 04.11.2025 ലെ സ.ഉ(സാധാ) നം 666/2024/ടൂറിസം
6. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടറായ ഡോ. മനോജ് കുമാർ കെ. യുടെ 23.02.2026 ലെ അപേക്ഷ

<u>ഉത്തരവ്</u>

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടറായി പരാമർ ശം **(1)** പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതനായ തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ആർക്കിടെക്ച്ചർ & പ്ലാനിംഗ് വിഭാഗം വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. മനോജ് കുമാർ കെ. യുടെ അന്യത്രസേവന കാലാവധി, പരാമർശം (2) (3) (4) & (5) പ്രകാരം തുടർച്ചയായി നാല് തവണ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2. പരാമർശം (5) പ്രകാരം ദീർഘിപ്പിച്ചുനൽകിയ അന്യത്രസേവന കാലാവധി **15.12.2026** തീയതിയിൽ അവസാനിക്കാനിരിക്കെ, അന്യത്രസേവനം അവസാനിപ്പിച്ച് വിടുതൽ ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട്, ഡോ. മനോജ് കുമാർ കെ പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു പോരുന്ന ,തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ആർക്കിടെക്ച്ചർ &

പ്ലാനിംഗ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. മനോജ് കുമാർ കെ. യുടെ അന്യത്രസേവന കാലാവധി, 31.03.2026 തീയതി അപരാഹ്നത്തിൽ , അവസാനിപ്പിച്ച്, അദ്ദേഹത്തെ KTIL ന്റെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തുനിന്നുള്ള ചുമതലകളിൽ നിന്ന് ഒഴിവാക്കി, വിടുതൽ ചെയ്ത് കൊണ്ടും, മാതൃവകുപ്പായ ഉന്നതവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് തിരിച്ചയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

1. ഡോ. മനോജ് കുമാർ കെ. മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്,നാലാം നില, വിപഞ്ചിക ടവർ, TC 24/588(6), ഗവ.ഗസ്റ്റ് ഹൗസ് ജംഗ്ഷൻ, തൈക്കാട്, തിരുവനന്തപുരം- 695014
2. ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
3. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
4. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ എല്ലാ ഡയറക്ടർമാർക്കും (മാനേജിംഗ് ഡയറക്ടർ, കെ.ടി. ഐ.എൽ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II), കേരള, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ്
7. ഉന്നതവിദ്യാഭ്യാസ (ജി) വകുപ്പ്
8. വിവര പൊതുജന സമ്പർക്ക വകുപ്പ്
9. കരുതൽ ഫയൽ./ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 02-03-2026 16:24:01

പകർപ്പ്.-
ബഹു. വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്